Mathrubhumi
മാതൃഭൂമി

## പ്ലസ് ടു പരീക്ഷയിൽ എ പ്ലസ് നേടിയവരെ ആദരിച്ചു

# ആസൂത്രണവും ഒരുക്കവും പ്രധാനം - ജാഫർ മാലിക്

കൊച്ചി▸ ആസൂത്രണവും ഒരുക്കവും അടക്കമുള്ള കാര്യങ്ങളിൽ ഒരുപോലെ ശ്രദ്ധ പുലർത്തുന്നതാണ് വിജയത്തിലേക്കുള്ള താക്കോൽ എന്ന് ജില്ലാ കളക്ടർ ജാഫർ മാലിക്. പ്ലസ് ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർഥികളെ ആദരിക്കാൻ 'മാതൃഭൂമി' ഒരുക്കിയ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർക്കാർ സ്കൂളുകളിൽ മാത്രം പഠിച്ചാണ് താൻ സിവിൽ സർവീസിലേക്കെത്തിയത്. ആദ്യ തവണ പരാജയപ്പെട്ടപ്പോഴും ആസൂത്രണവും ഒരുക്കവും കൈവിടാതെ മുന്നേറിയതാണ് നിർണായകമായത്. ഒരു തവണ പരാജയപ്പെട്ടെന്നു കരുതി അവിടെ എല്ലാം അവസാനിക്കുന്നില്ലെന്നും ജാഫർ മാലിക് പറഞ്ഞു.



▶ മാതൃഭൂമിയുടെ നേതൃത്വത്തിൽ എറണാകുളം-മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലയിൽ പ്ലസ് ടു പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ സ്കൂളുകൾക്കും എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ വിദ്യാർഥികൾക്കും നൽകിയ അനുമോദന സമ്മേളനത്തിൽ വിശിഷ്ടാതിഥികളായ ജില്ലാ കളക്ടർ ജാഫർ മാലിക്, സിനിമാ നടൻ കലാഭവൻ നവാസ്, ഫ്യൂച്ചർ അക്കാദമി സി.ഇ.ഒ. ടി. സുരേഷ് കുമാർ, റിസോഴ്സിയോ സി.ഒ.ഒ. റോബിൻസ് ജെ. ആലപ്പാട്ട്, സ്കൈ ഈസ് ലിമിറ്റ് കോ-ഫൗണ്ടർ ഇൻവെസ്റ്റർ സുനിൽ മേനോൻ, ഫൗണ്ടർ ആൻഡ് സി.ഇ.ഒ ഡോ. മനോദ് മോഹൻ, മാതൃഭൂമി കൊച്ചി യൂണിറ്റ് മാനേജർ പി. സിന്ധു എന്നിവർ വിദ്യാർഥികൾക്കും അധ്യാപകർക്കുമൊപ്പം

കണ്ടന്റ് അഗ്രിഗേറ്റർ സ്റ്റാർട്ടപ്പായ 'റിസോഴ്സിയോ'യുടെയും 'സ്കൈ ഈസ് ലിമിറ്റ്' സ്റ്റാർട്ടപ്പിന്റെ സെയിൽസ് പെർഫോമൻസ് മാനേജ്മെന്റ് ടൂളായ 'സെയിൽസ് ഫോക്കസി'ന്റെയും എൻട്രൻസ് വിദ്യാഭ്യാസ രംഗത്തെ സ്ഥാപനമായ 'സഫയർ ഫ്യൂച്ചർ അക്കാദമി'യുടെയും സഹകരണത്തോടെ നടത്തിയ പരിപാടിയിൽ ചലച്ചിത്ര താരം കലാഭവൻ നവാസ് മുഖ്യാതിഥിയായി. മറ്റുള്ളവർക്കു നന്മയും സമാധാനവും ആഗ്രഹിക്കുന്ന മനസ്സോടെ സ്വന്തം ജീവിതത്തിന്റെ ഉയർച്ച ആഗ്രഹിക്കണമെന്നു നവാസ് പറഞ്ഞു. എല്ലാ തൊഴിലുകൾക്കും അതിന്റേതായ മഹത്ത്വവും പ്രതീക്ഷകളുമുണ്ട്. ജീവിതത്തിൽ ഇഷ്ടം തോന്നുന്ന രംഗത്തേക്ക് എത്താനാണ് വിദ്യാഭ്യാസത്തിലൂടെ ശ്രമിക്കേണ്ടതെന്നും നവാസ് പറഞ്ഞു.

ചടങ്ങിൽ 'മാതൃഭൂമി' കൊച്ചി യൂണിറ്റ് മാനേജർ പി. സിന്ധു അധ്യക്ഷത വഹിച്ചു. 'റിസോഴ്സിയോ' സി.ഒ.ഒ. റോബിൻസ് ജെ. ആലപ്പാട്ട്, 'സ്കൈ ഈസ് ലിമിറ്റ്' ടെക്നോളജീസ് കോ ഫൗണ്ടർ ആൻഡ് ഇൻവെസ്റ്റർ സുനിൽ മേനോൻ, 'സഫയർ ഫ്യൂച്ചർ അക്കാദമി' സി.ഇ.ഒ. ടി. സുരേഷ് കുമാർ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ 'മാതൃഭൂമി' ചീഫ് റിപ്പോർട്ടർ സിറാജ് കാസിം സ്വാഗതം പറഞ്ഞു. എറണാകുളം, മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലകളിലെ വിദ്യാർഥികൾക്കും നൂറു ശതമാനം വിജയം നേടിയ സ്കൂളുകൾക്കുമാണ് ചടങ്ങിൽ ഉപഹാരങ്ങൾ സമ്മാനിച്ചത്. ബുധനാഴ്ച ആലുവ, കോതമംഗലം വിദ്യാഭ്യാസ ജില്ലകളിലെ പുരസ്കാരങ്ങൾ സമ്മാനിക്കും.